(ബി) അപ്രകാരം നിയമിച്ചവരിൽ ഇതേവരെയും സ്ഥിരപ്പെടുത്താത്ത അധ്യാപകന്മാർ ഉണ്ട്.

(സി) 1051. ഗവണ്മെൻറ് നേരിട്ട് സർവ്വീസിൽ നിയമിച്ചിട്ടുള്ള അദ്ധ്യാപകന്മാരെ സ്ഥിരപ്പെടുത്തിയതിനുശേഷം ഇവരേയും സ്ഥിരപ്പെടുത്താൻ ഉത്തരവു പാസ്സാക്കിയിട്ടുണ്ട്. എന്നാൽ അതു നടപ്പിലാക്കുന്നതിനു ചില പ്രായോഗികവൈഷമ്യങ്ങൾ ഉണ്ടാകും. അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ഉടൻതന്നെ അവരെ സ്ഥിരപ്പെടുത്തുന്നതാണ്.

പ്രൈവറ്റ് ബസ്സുകൾ ഓടുന്ന റോഡുകൾ.

* 401. [29] ശ്രീ. കെ. പി. ഹാർമിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിൽ പ്രൈവറ്റ് ബസ്സുകൾ മാത്രം ഓടുന്ന എത്ര മൈൽ റോഡുകൾ ഉണ്ട്;

(ബി) ഇവയിൽ മെറ്റലിംഗ് എങ്കിലും നടത്താത്ത റോഡുകളുടെ ദൈർഘ്യം ആകെ എത്ര വരും;

(സി) പുതിയതായി മെറ്റലിംഗിനു റോഡുകൾ തിരഞ്ഞെടുക്കുമ്പോൾ ബസ്സ് ഓടുന്ന റോഡുകൾക്ക് മുൻഗണന കൊടുക്കുകയെന്നുള്ള തത്വം ഗവണ്മെൻറംഗീകരിച്ചിട്ടുണ്ടോ?

മരാമത്തുവകുപ്പു മന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ).

(എ) 251 2½ മൈൽ.

(ബി) മുന്നൂറ്റി പതിമൂന്നര മൈൽ.

(സി) ഉണ്ട്.

അവശസമുദായ വിദ്യാർത്ഥികളിൽനിന്ന് ഈടാക്കിയ ഫീസ്.

* 402. [30] ശ്രീ. എൻ. രാഘവക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1952-ൽ ബാക്ക്വേർഡ് ക്ലാസ്സിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും ഹൈസ്കൂൾ ക്ലാസുകളിലെ ഫീസ് ഏതെങ്കിലും സ്കൂളിൽ ഈടാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ മടക്കിക്കിട്ടണമെന്നു അവർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) മേൽപ്രകാരം ഈടാക്കിയ ഫീസിനത്തിൽ എന്തെങ്കിലും സംഖ്യ ഇനിയും മടക്കിക്കൊടുക്കാതെയുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്തു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ആയിരത്തിത്തൊള്ളായിരത്തി അൻപത്തിരണ്ടിൽ ബാക്ക് വേർഡ് ക്ലാസിൽപ്പെട്ട വിദ്യാർത്ഥികളിൽ നിന്നും ചില സ്കൂളുകളിൽ ഫീസ് സൌജന്യത്തിനുള്ള അപേക്ഷ ഹാജരാക്കിയതിൽ കാലതാമസം ഉണ്ടായതുകൊണ്ട് ഫീസ് സൌജന്യം കൊടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly